II. പരിഗണനയിലുള്ളവ :

1. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നാറിൽ സർക്കാർ ഭൂമിയാണെന്നുകാണിച്ചു കൊണ്ട് സമർപ്പിച്ച ബോർഡ് റ്റാറ്റയുടെ ഭൂമിയിലാണെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 16-7-2010-ന് സഭയിൽ പറഞ്ഞത് പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് നേരത്തെ പറഞ്ഞതിന് വിരുദ്ധമാണെന്നും ഇത് സഭയുടെ അവകാശങ്ങളെ ലംഘിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം.പുതുശ്ശേരി നൽകിയ അവകാശ ലംഘന നോട്ടീസ് പ്രിയറിന്റെ പരിഗണനയിലാണ്.

2. അനധികൃത റോട്ടറികൾക്ക് അനുമതി നൽകിയതിൽ ധനകാര്യ വകുപ്പുമന്ത്രി 25 കോടി രൂപയുടെ അഴിമതി നടത്തിയെന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. നിയമസഭയിൽ രേഖാമൂലം ആരോപണം ഉന്നയിച്ചതായി "ധനമന്ത്രിക്ക് 25 കോടി പാർട്ടിക്ക് 100 കോടി" എന്ന തലക്കെട്ടിൽ ദീപിക ദിനപ്പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം ഒരു ആരോപണം നിയമസഭയിൽ വന്നിട്ടില്ല എന്നിരിക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്ന ദുരുദ്ദേശത്തോടെ വാർത്ത നൽകിയിരിക്കുന്നത് സഭയോടും സഭാംഗങ്ങളോടുമുള്ള അവകാശലംഘനമാണെന്ന് കാണിച്ചുകൊണ്ട് ദീപിക ദിനപത്രത്തിനും റിപ്പോർട്ടറിനുമെതിരെ ശ്രീ. പി. ജയരാജൻ നൽകിയ അവകാശ ലംഘന നോട്ടീസ് സ്പീക്കറിന്റെ പരിഗണനയിലാണ്.

VII മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സർ, സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സ്പീക്കർ : ഓർഡർ.....ഓർഡർ.....പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം ഇന്ന് അവസാനിച്ച് അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു. ഈ സമ്മേളനം ജൂൺ 28-ന് ആരംഭിച്ച് ജൂലൈ 29 വരെ 24 ദിവസങ്ങളിൽ സമ്മേളിച്ചു. 14-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ വിശദമായ പരിച്ചയും ബഡ്ജറ്റ് പാസ്സാക്കണമെന്നതുമായിരുന്നു സമ്മേളനത്തിന്റെ മുഖ്യ അജണ്ട. 13 ദിവസം നീണ്ടുനിന്ന ധനാഭ്യർത്ഥന പരിച്ച പൂർത്തിയാക്കിയതിനുശേഷം 2010-ലെ കേരള ധനകാര്യ ബിൽ, ബഡ്ജറ്റ്, ധനവിനിയോഗ ബിൽ, ഉപധനാഭ്യർത്ഥന സംബന്ധിച്ച ധനവിനിയോഗ ബിൽ എന്നിവ പാസ്സാക്കുകയുണ്ടായി. ധനകാര്യ സംബന്ധമായ ദിവസം കഴിഞ്ഞുള്ള 4 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്തു. ഡീസൽ വില വർദ്ധനവ് പിൻവലിക്കണമെന്ന പ്രമേയവും കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റിനുണ്ടാകുന്ന അധികച്ചെലവ് കേന്ദ്ര സർക്കാർ വഹിക്കണമെന്ന അനൗദ്യോഗിക പ്രമേയവും സഭ പാസ്സാക്കുകയുണ്ടായി. ധനകാര്യ ബിസിനസ്സുകൾക്കു പുറമെ 2010-ലെ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാർ പ്രത്യേക ട്രിബ്യൂണൽ ബിൽ, 2010-ന്റെ കേരള ഉൾനാടൻ ഫിഷറി ബിൽ എന്നിവ പാസ്സാക്കുകയും ചെയ്തു. 2010-ന്റെ കേരള വിനോദ സഞ്ചാര ഭേദഗതി ബിൽ, 2010-ന്റെ കണ്ണൻ ദേവൻ ഹിൽസ് ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. കേരളത്തിൽ വളർന്നു വരുന്ന തീവ്രവാദ പ്രവർത്തനങ്ങളെ ഒറ്റക്കെട്ടായി നേരിടണമെന്ന് സമകാലീന പ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് റൂൾ 50 അനുസരിച്ച് സഭയിൽ ചർച്ച നടത്തുകയുണ്ടായി. നടപ്പു സമ്മേളനത്തിൽ 266 സബ്മിഷനുകളും 43 ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങളും അവതരിപ്പിക്കപ്പെട്ടു. ഈ സെഷൻ വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട അംഗങ്ങൾ, മാധ്യമപ്രവർത്തകർ, ജീവനക്കാർ എല്ലാവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്.

ഓർഡർ...ഓർഡർ...സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞതായി അറിയിക്കുന്നു.

2010 ജൂലായ് മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 10.55-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly